മൂവാറ്റുപുഴയിൽ മിനി വൈദ്യുതി ഭവൻ ആരംഭിക്കുന്നതിനുള്ള നടപടി

136(2389) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴയിൽ മിനി വൈദ്യുതി ഭവൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴയിൽ മിനി വൈദ്യുതി ഭവൻ ആരംഭിക്കണമെന്ന ആവശ്യം ബോർഡുതലത്തിൽ പരിശോധിക്കുന്നതാണ്.

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾ

137(2390) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ പഞ്ചായത്തുകളിലെ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജില്ലയിൽ പദ്ധതിയുടെ പ്രവർത്തനം എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കൂടുതൽ പ്രദേശങ്ങളെ പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന കേരളത്തിൽ ഇടുക്കി ജില്ലയിൽ നടപ്പിലാക്കി കഴിഞ്ഞു. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള ഉത്തരവ് അതാത് ടെൺകീ കോൺട്രാക്റ്റർമാർക്ക് നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള ചുമതല ഡൽഹിയിലെ അരാവലി ഇൻഫ്രാ പവർ ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(സി) വില്ലേജ് അടിസ്ഥാനത്തിലുള്ള പദ്ധതി പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ പദ്ധതി പ്രകാരം 5415 വീടുകൾ വൈദ്യുതീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) കരാർ ഒപ്പിട്ട് 18 മാസക്കാലം കൊണ്ട് പദ്ധതി പൂർത്തിയാക്കണം എന്നുള്ളതാണ് മാർഗ്ഗ നിർദ്ദേശം. 15-1-2011-ലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്.

(എഫ്) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (REC) നിന്നും അനുമതി ലഭിച്ച പ്രദേശങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നത്. ഇനിയും കൂടുതൽ പ്രദേശങ്ങൾ വൈദ്യുതീകരിക്കേണ്ടി വരുകയാണെങ്കിൽ പദ്ധതി കാലയളവിനുള്ളിൽ ആർ.ഇ.സി.-യിൽ നിന്നും അനുമതി ലഭിച്ചാൽ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ അനുവദിച്ച വൈദ്യുതി കണക്ഷനുകൾ

138(2391) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ എത്ര വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) പുതിയതായി എത്ര ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കിലോമീറ്റർ 11 കെ.വി. ലൈൻ വലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര കിലോമീറ്റർ ലോ ടെൻഷൻ ലൈൻ വലിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly